മാതൃഭൂമി

17 September 2018

# കാലാവസ്ഥാ വ്യതിയാനം: വിന്റർ സ്കൂൾ സംഘടിപ്പിക്കുന്നു

**കൊച്ചി** ▸ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പുതിയ പ്രവണതകൾ ചർച്ച ചെയ്യുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) നവംബർ എട്ടു മുതൽ 29 വരെ വിന്റർ സ്കൂൾ സംഘടിപ്പിക്കുന്നു.

സമുദ്രോപരിതലത്തിലെ ചൂടിന്റെ വർധന, അമ്ലീകരണം, കടൽ ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, ഇവ നേരിടുന്നതിന് ക്ലൈമറ്റ് സ്മാർട്ട് വില്ലേജുകൾ വികസിപ്പിക്കൽ തുടങ്ങിയ മേഖലകളിൽ പ്രമുഖ ശാസ്ത്രജ്ഞരുടെയും അക്കാദമിക് വിദഗ്ധരുടെയും മേൽനോട്ടത്തിൽ ചർച്ചകൾ നടക്കും. ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ.) സാമ്പത്തിക സഹായത്തോടെ സി.എം.എഫ്.ആർ.ഐ. നാഷണൽ ഇന്നൊവേഷൻസ് ഇൻ ക്ലൈമറ്റ് റെസിലിയന്റ് അഗ്രികൾച്ചർ (നിക്ര) ഗവേഷണ പദ്ധതിയുടെ കീഴിലാണ് പരിപാടി. ഐ.സി.എ.ആർ. ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർക്കും കാർഷിക സർവകലാശാലകളിലെയും മറ്റ് സർവകലാശാലകളിൽ കാർഷിക വിഷയങ്ങൾ പഠിപ്പിക്കുന്ന അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലുള്ളവർക്കും വിന്റർ സ്കൂളിൽ പങ്കെടുക്കാം. വിവരങ്ങൾക്ക് www.cbp.icar.gov.in, www.cmfri.org.in